പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1840 05.12.2014 - ൽ മറുപടിയ്ക്ക്

മുളക്കുളം ഗ്രാമപഞ്ചായത്തിലെ വൃദ്ധസദനം

ചോദ്യം

ശ്രീ. മോൻസ് ജോസഫ്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുളക്കുളം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വൃദ്ധസദനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എൽ.എസ്. ജി.ഡി, സി.ഇ യുടെ ഓഫീ സിൽ നിന്നും സാമൂഹ്യനീതി വകുപ്പിന് എന്നാണ് ലഭിച്ചത്; ഫയൽ നമ്പർ നൽകാമോ; | (എ) | മുളക്കുളം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വൃദ്ധസദനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. 01.12.2014 ൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ, 21.11.2014 ലെ ഡിബി6/11383/14സിഇ തസ്വഭവ നമ്പർ കത്തു പ്രകാരമാണ് എസ്റ്റിമേറ്റ് ലഭിച്ചത്. |
| (ബി) | പ്രസ്തുത വൃദ്ധസദനം പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന നയപരിപാടികൾ വ്യക്തമാക്കാമോ ; | (ബി) | നിലവിലുള്ള കോട്ടയത്തെ വൃദ്ധസദനം ഇപ്പോൾ ചങ്ങനാശ്ശേരി താലൂക്കിൽ പള്ളം ബ്ലോക്കിലുള്ള ആശ്രമം വകയായുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ തിരുവഞ്ചൂരുള്ള ചിൽഡ്രൻസ് ഹോമിനടുത്ത് ഒഴിഞ്ഞു കിടക്കുന്ന മൂന്നു കെട്ടിടങ്ങൾ പുതുക്കി പണിത് വൃദ്ധസദനം പ്രവർത്തിപ്പിക്കാൻ ആലോചിക്കുന്നുണ്ട്. ഈ സ്ഥലവും കൂടി ലഭിക്കുകയാണെങ്കിൽ സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേകം വൃദ്ധസദനങ്ങൾ ആരംഭിക്കാവുന്നതാണ്. |
| (സി) | ഇതു സംബന്ധിച്ചുള്ള 27.08.2014 ലെ മന്ത്രിതല യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ; ആയതിന്റെ തുടർ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ ? | (സി) | 27.08.2014 ൽ കൂടിയ മന്ത്രിതല യോഗത്തിന്റെ മിനിട്സ് അനുബന്ധമായി ചേർക്കുന്നു. 08.10.2014 ൽ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിലെ തീരുമാനമനുസരിച്ച് കാരിക്കോട് വൃദ്ധമന്ദിരത്തിന്റെ ബാക്കി പണികൾ പൂർത്തീകരിക്കുന്നതിന് പഴയ കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ മുളക്കുളം പഞ്ചായത്ത് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ആയത് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ 01.12.2014 ന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

867/C3/14/SJD

Social Justice (C) Department

**27.08.2014-ൽ ബഹു.സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ സെക്രട്ടറിയേറ്റ് നോർത്ത് കമ്മിറ്റി റൂമിൽ ചേർന്ന യോഗനടപടിക്കുറിപ്പ്.**

**List of Participants**

1. Smt.Komalavally Amma N.B, Additional Secretary, Social Justice Department
2. Sri.V.N.Jithendran IAS, Director of Social Justice Department
3. Sri.Abraham P.Mathew, District Social Justice Officer, Kottayam
4. Sri.T.R.Thankachan. Secretary, Mulakulam, Grama Panchayat
5. Smt.Marykutty Luka, Vice President, Mulakulam
6. Sri.K.Rajavarma Thampan, DDP, Kottayam
7. Sri.A.Sayeed, J.D, Panchayat
8. Sri.T.K.Vasudevan Nair, Member Mulakulam Grama Panchayat
9. Sri.K.R.Sajeevan, Member, Mulakulam Grama Panchayat

ആമുഖമായി, യോഗം ചേരുന്നതിന്റെ സാഹചര്യം സാമൂഹ്യ നീതി ഡയറക്ടർ വിശദീകരിക്കുകയുണ്ടായി.

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിൽ ജനകിയാസൂത്രണം പരിപാടിയിലുൾപ്പെടുത്തി ഒരു വൃദ്ധസദനത്തിന്റെ നിർമ്മാണം ആരംഭിച്ചിരുന്നു. എന്നാൽ നിലവിലെ അവസ്ഥയിൽ പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത കെട്ടിടവും സ്ഥലവും സാമൂഹ്യനീതി വകുപ്പ് ഏറ്റെടുക്കാൻ പഞ്ചായത്ത് വകുപ്പിൽ നിന്ന് അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 28.01.2014-ൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മുളക്കുളം ഗ്രാമപഞ്ചായത്തിൽ വൃദ്ധസദനം പണികഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഫണ്ടിന്റെ ലഭ്യത, ഹെഡ് ഓഫ് അക്കൗണ്ട് സഹിതം വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഈ വിഷയം ബഹു.സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.8.2014-ൽ കൂടിയ യോഗം ചർച്ച ചെയ്യുകയും താഴെ പറയുന്ന തീരുമാനങ്ങൾ സ്വീകരിക്കുകയും ചെയ്തു.

തീരുമാനങ്ങൾ

1. നിലവിൽ വൃദ്ധസദനം സ്ഥിതി ചെയ്യുന്നത് പഞ്ചായത്തിന്റെ പേരിലുള്ള സ്ഥലത്താണ്. ഇത് ഔദ്യോഗികമായി സാമൂഹ്യ നീതി വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റേണ്ടതും ബന്ധപ്പെട്ട BTR-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

2. മുളക്കുളം പഞ്ചായത്ത് വൃദ്ധസദനത്തിനായി കെട്ടിടത്തിന്റെ പണി ആരംഭിച്ചുവെങ്കിലും ഇരുനിലകെട്ടിടത്തിന്റെ ഒന്നാം നില ഭിത്തികൾ നിർമ്മിക്കാതെ കോൺക്രീറ്റ് തൂണുകളിൽ മേൽക്കുരവാർത്ത നിലയിൽ ഭാഗീകമായി മാത്രം പണികൾ പൂർത്തികരിച്ചതായിട്ടാണ് കാണുന്നത്. നിലവിലുള്ള അവസ്ഥയിൽ മുകളിലത്തെ നിലയുടെ നിർമ്മാണം തൽക്കാലം മാറ്റിവച്ചാൽപ്പോലും താഴത്തെ നില ഉപയോഗപ്രദമാകണമെങ്കിൽ ഏകദേശം 50 ലക്ഷം രൂപയെങ്കിലും വേണ്ടിവരുമെന്ന അവസ്ഥയാണുള്ളത്. ആയതിലേക്കായി നിലവിലുള്ള കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റബിലിറ്റി പരിശോധിക്കേണ്ടതും ഇത് LSGD Executive Engineer സർട്ടിഫൈ ചെയ്യേണ്ടതുമാണ്.

ഇന്ത്യയിലാദ്യമായി, അന്താരാഷ്ട്ര നിലവാരമുള്ള ഒരു Dementia Care Centre ആരംഭിക്കുന്നതിനുള്ള പദ്ധതി സാമൂഹ്യ നീതി വകുപ്പിന്റെ പരിഗണനയിലുണ്ടെന്നും ആയതിലേയ്ക്ക് ഒരേക്കറിൽ കുറയാത്ത ഭൂമി ആവശ്യമുണ്ടെന്നും സാമൂഹ്യ നീതി ഡയറക്ടർ അറിയിച്ചു. ഇക്കാര്യം പരിശോധിച്ച് അനുയോജ്യമായ സ്ഥലം കോട്ടയം ജില്ലയിൽ കണ്ടെത്തുന്നതിന് ശ്രമിക്കുന്നതാണ് എന്ന് ബഹു. മോൻസ് ജോസഫ് MLA അറിയിച്ചു.